>> കുറിപ്പുകൾ

**ജലീൽ പടന്ന**

## കർണാടക

# മതേതര വോട്ടുകൾ ഭിന്നിച്ചത് ബി.ജെ.പിയെ തുണച്ചു

**ഒടുവിൽ** ബി.ജെ.പി കർണാടകയിൽ ഉജ്ജ്വല വിജയം നേടിയെടുത്തു. ഇത്രയും ഗംഭീര വിജയം ബി.ജെ.പി തന്നെ പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ് വസ്തുത. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി ഭരണം സ്വപ്നം കണ്ടിരുന്നത് കർണാടകയിലായിരുന്നു. എന്നാൽ ഇത് ഇത്രയും എളുപ്പത്തിലും വേഗത്തിലും കൈവരുമെന്ന് പാർട്ടി നേതൃത്വം പോലും കരുതിയതല്ല.

1985-ലെ പൊതു തെരഞ്ഞെടുപ്പിൽ കർണാടകയിൽ ബി.ജെ.പി നേടിയത് വെറും രണ്ടു സീറ്റ് മാത്രമായിരുന്നു. തുടർന്നിങ്ങോട്ട് 1999-ലെ തെരഞ്ഞെടുപ്പ് വരെ നിയമസഭയിൽ പാർട്ടിയുടെ പ്രതിനിധികൾ വിരലിലെണ്ണാവുന്നവർ മാത്രമായിരുന്നു. 2004-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ 79 സീറ്റ് നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറിയതോടെ കർണാടകയിലെ ബി.ജെ.പി ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടു തുടങ്ങി. ഭരണത്തിലേക്കുള്ള ദൂരം വളരെ കുറഞ്ഞതായി ബോധ്യം വന്ന പാർട്ടി, പിന്നീട് തങ്ങളുടെ ശ്രദ്ധ മുഴുവൻ ഈ ലക്ഷ്യത്തിലേക്ക് കേന്ദ്രീകരിച്ചത് യഥാസമയം തിരിച്ചറിഞ്ഞ് മറുതന്ത്രം മെനയാൻ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിനോ മതേതരം എന്ന ലേബലിൽ പ്രവർത്തിക്കുന്ന മറ്റു കക്ഷികൾക്കോ കഴിഞ്ഞില്ല.

ആകെയുള്ള 224 സീറ്റുകളിൽ കേവല ഭൂരിപക്ഷത്തിന് വേണ്ടത് 113 സീറ്റുകളാണ്. 110 സീറ്റുകൾ നേടിക്കഴിഞ്ഞ ബി.ജെ.പിക്ക് കുറവുള്ള മൂന്ന് സീറ്റുകൾ നികത്താൻ ഒട്ടും വിയർക്കേണ്ടിവന്നില്ല. ഫലം പുറത്തു വന്നതിന്റെ പിറ്റേ ദിവസം തന്നെ തങ്ങളെ പിന്തുണക്കുന്ന മൂന്ന് സ്വതന്ത്ര എം.എൽ.എമാരെയും കൂട്ടി ഗവർണർ രാമേശ്വർ താക്കൂറിന്റെ മുന്നിലെത്തി യദിയൂരപ്പ.



യദിയൂരപ്പ

കോൺഗ്രസ്സിന് ഇത്രയും അനുകൂലമായ സാഹചര്യങ്ങൾ ഇതിനു മുമ്പ് സംസ്ഥാനത്ത് ഒത്തുവന്നിട്ടില്ലായിരുന്നു. ബി.ജെ.പിയുമായി സഖ്യമുണ്ടാക്കിയതോടെ മതേതര ജനതാദളിന്റെ പ്രധാന വോട്ടുബാങ്കായ മുസ്‌ലിം ന്യൂനപക്ഷം കോൺഗ്രസ്സിനോട് ചാഞ്ഞതാണ് ഇതിൽ ഏറെ പ്രധാനപ്പെട്ടത്. എന്നാൽ ഇത് യഥാവിധം മുതലെടുക്കാൻ ഇവർക്കായില്ല എന്നതോടൊപ്പം, കോൺഗ്രസ്സിനെ പൂർണമായും വിശ്വാസത്തിലെടുക്കാൻ പൊതുസമൂഹം ഇനിയും തയാറായിട്ടില്ല എന്ന സന്ദേശം കൂടി നൽകുന്നതാണ് തെരഞ്ഞെടുപ്പ് ഫലം. ദേശീയ തലത്തിൽ



കോൺഗ്രസ് നേതാവ്
**ധരംസിംഗ്**

കോൺഗ്രസ് കൈക്കൊള്ളുന്ന നിലപാടുകളും സംസ്ഥാനതലത്തിൽ അരങ്ങ് വാഴുന്ന ഗ്രൂപ്പ് പോരും അഴിമതിയും സ്വജനപക്ഷപാതവുമൊക്കെ വോട്ടർമാർ മാറിച്ചിന്തിക്കാൻ കാരണമായിട്ടുണ്ടാവാം.

ഒരുകാലത്ത് കോൺഗ്രസ്സിന് ഏറ്റവും ശക്തിയും കരുത്തുമുണ്ടായിരുന്ന സംസ്ഥാനമാണ് കർണാടക. 1999-ലെ തെരഞ്ഞെടുപ്പിൽ 132 സീറ്റുകളോടെയാണ് കോൺഗ്രസ് ഇവിടെ അധികാരത്തിലെത്തിയത്. എന്നാൽ തൊട്ടടുത്ത തവണ 65 സീറ്റായി ചുരുങ്ങി. എന്നാൽ ഇത്തവണ സീറ്റുകളുടെ എണ്ണം എൺപതാക്കി ഉയർത്താനായെങ്കിലും സാഹചര്യങ്ങളുടെ അനുകൂലാവസ്ഥ പരിഗണിച്ചാൽ ഇത് കനത്ത തോൽവിതന്നെ.

സംസ്ഥാനത്തെ പ്രധാന കക്ഷിയായ ജനതാദൾ ക്ഷയിച്ചാൽ സ്വാഭാവികമായും ഇത് വളമായിത്തീരേണ്ടത് കോൺഗ്രസ്സിനു തന്നെയായിരുന്നു. ആ പാർട്ടിയിലെ പല നേതാക്കളും കൂട്ടത്തോടെ കോൺഗ്രസ്സിൽ ചേക്കേറിയതും ഈ ധാരണ ബലപ്പെടുത്തി. എന്നാൽ തെരഞ്ഞെടുപ്പിൽ ഇത് പൂർണമായി പ്രതിഫലിച്ചില്ല. ജനതാദളിനാകട്ടെ, അർഹിച്ച തിരിച്ചടി തന്നെയാണ് കിട്ടിയത്. സീറ്റുകളുടെ എണ്ണം 58-ൽനിന്നും 28 ആയി ചുരുങ്ങി. മൂക്കും കുത്തി വീണവരിൽ ദൾ സംസ്ഥാന പ്രസിഡന്റ് മിറാജുദ്ദീൻ പട്ടേലും ഉൾപ്പെടും. വിദൂരമല്ലാത്ത ഭാവിയിൽ ഈ 28-ൽതന്നെ പിളർപ്പുണ്ടാകാനുള്ള സാധ്യതയും വളരെ കൂടുതലാണ്. അഞ്ചു സ്വതന്ത്രരുടെ പിന്തുണയോടെയാണ് രാഷ്ട്രീയ ചാണക്യനായ ബി.എസ് യദിയൂരപ്പ മന്ത്രിസഭ രൂപീകരിച്ചിരിക്കുന്നത്. മന്ത്രിസഭയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ തന്നെ പിന്തുണക്കുന്നവരുടെ എണ്ണം വർധിപ്പിക്കാൻ ഇദ്ദേഹം ശ്രമിക്കും എന്ന് ഉറപ്പാണ്. സ്വാഭാവികമായും അവശിഷ്ട ദളിൽ തന്നെയാവും മുഖ്യൻ നോട്ടമിടുക. അതൊരു പ്രതികാരം വീട്ടൽ കൂടിയാകും എന്നതുകൊണ്ട് പ്രത്യേകിച്ചും.

സംസ്ഥാനത്ത് മതനിരപേക്ഷ വോട്ടുകൾ ഭിന്നിച്ചതാണ് ബി.ജെ.പിക്ക് തുണയായത്. മതേതരത്വത്തിന്റെ സംരക്ഷകരെന്ന് പെരുമ്പറയടിക്കുന്ന പാർട്ടികളൊക്കെയും യാതൊരു തത്ത്വദീക്ഷയുമില്ലാതെ മത്സര ഗോദയിൽ നിലയുറപ്പിച്ചിരുന്നു. ഒരിടത്തും മൂന്നാം സ്ഥാനത്ത് പോലും എത്തും എന്ന് പ്രതീക്ഷയില്ലാതിരുന്നിട്ടും ബി.എസ്.പി 207 സീറ്റുകളിലാണ് മത്സരിച്ചത്. സമാജ് വാദി പാർട്ടിയുടെ നിലപാടും മറിച്ചായിരുന്നില്ല. 117 സീറ്റുകളിൽ മത്സരിച്ച ഇവർ കെട്ടിവെച്ച കാശ് നഷ്ടപ്പെടുത്തി എന്നു മാത്രമല്ല, സംസ്ഥാന ഭരണം ബി.ജെ.പിക്ക് തളികയിൽ വെച്ചു കൊടുക്കാൻ തങ്ങളാലാവുന്നതൊക്കെയും ചെയ്തു. ഇരു കക്ഷികളുടെയും സ്ഥാനാർഥികൾ ഏതാണ്ട് എല്ലാ മണ്ഡലങ്ങളിലും 2000 മുതൽ 4000 വരെ വോട്ട് നേടുകയുണ്ടായി. ഇത്രയും ഭൂരിപക്ഷത്തിനാണ് ബി.ജെ.പി പല മണ്ഡലങ്ങളിലും വിജയിച്ചത് എന്നറിയുമ്പോഴാണ് സംഗതിയുടെ ഗൗരവം പിടികിട്ടുക. ഒരൽപം വിട്ടുവീഴ്ചയും പക്വമായ നിലപാടും സ്വീകരിച്ചിരുന്നുവെങ്കിൽ ഒരു പക്ഷേ ഫലം മറ്റൊന്നാകുമായിരുന്നു. കോൺഗ്രസ്സും ജനതാദൾ (എസ്)ഉം ജനതാദൾ (യു)ഉം ബി.എസ്.പിയും എസ്.പിയും ഒരേ മണ്ഡലത്തിൽ സ്ഥാനാർഥികളെ നിർത്തി മതേതര വോട്ടുകൾ ഭിന്നിപ്പിച്ചു രസിച്ചപ്പോൾ അധികം വിയർക്കാതെ ബി.ജെ.പി കാര്യം നേടി. വകതിരിവുള്ളവർ ഇതേക്കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നുവെങ്കിലും അത് അവഗണിക്കപ്പെട്ടു.

### ഗ്രൂപ്പ് രാഷ്ട്രീയം കോൺഗ്രസ്സിന്റെ തീരാശാപം

കോൺഗ്രസ്സിനകത്തെ ഗ്രൂപ്പ് രാഷ്ട്രീയവും പരാജയ കാരണങ്ങളിലൊന്നാണ്. സ്ഥാനാർഥി നിർണയം മുതൽ തന്നെ തുടങ്ങിയ പാരവെപ്പും തൊഴുത്തിൽ കുത്തും പോളിംഗ് ദിവസം വരെ തുടർന്നു. ഉത്തര കന്നടയിലെ പല മണ്ഡലങ്ങളിലും ഉത്തരവാദപ്പെട്ട നേതാക്കൾ തന്നെ പരസ്പരം പരാജയപ്പെടുത്താനാണ് ഊർജം ചെലവഴിച്ചത്. ധാർവാർഡ്, ധാവൻഗരെ ജില്ലകളിൽ ചുരുങ്ങിയത് അഞ്ചു സീറ്റുകളെങ്കിലും കോൺഗ്രസ്സിന് ഈ രൂപത്തിൽ നഷ്ടപ്പെട്ടതായാണ് കണക്കാക്കുന്നത്. ഹുബ്ലി-ധാർവാർഡ് വെസ്റ്റ് മണ്ഡലത്തിൽനിന്ന് മുൻ മന്ത്രി കൂടിയായ ജബ്ബാർ ഖാൻ ഹോണാലി പരാജയപ്പെടാനുള്ള കാരണം ഗ്രൂപ്പ് കളിയാണ്. കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വത്തിലുള്ളവർ തന്നെയാണ് ഇവിടെ ഗ്രൂപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

പരാജയ കാരണങ്ങളെക്കുറിച്ച് യാതൊരു വിധ അവലോകനവും നടക്കാറില്ല എന്നതാണ് കോൺഗ്രസ് സംഘടനാ സംവിധാനത്തിന്റെ ഏറ്റവും വലിയ പാളിച്ച. കഴിഞ്ഞ തവണത്തെ വീഴ്ചകളൊക്കെയും ഇത്തവണയും ആവർത്തിച്ചു. ആർക്കെതിരെയും ഒരു നടപടിയും ഉണ്ടായില്ല. ഗ്രൂപ്പ് പ്രവർത്തനവും പാർട്ടി പ്രവർത്തനമാണെന്നാണ് എ.ഐ.സി.സി തന്നെ താഴേക്കിടയിലുള്ള പ്രവർത്തകർക്ക് നൽകിയ സന്ദേശം.

### മുസ്‌ലിം പ്രാതിനിധ്യം

കർണാടക നിയമസഭയിലേക്ക് 8 മുസ്‌ലിം സ്ഥാനാർഥികളാണ് ഇത്തവണ ജയിച്ചത്. ഇതിൽ ഏഴു പേർ കോൺഗ്രസ് ടിക്കറ്റിലും ഒരാൾ ജെ.ഡി.എസ് ടിക്കറ്റിലും.

ഇതിനു മുമ്പ് 1999-ലാണ് ഏറ്റവും കൂടിയ മുസ്‌ലിം പ്രാതിനിധ്യം. 13 പേരാണ് അന്നുണ്ടായിരുന്നത്. കഴിഞ്ഞ തവണ ആറു പേർ മാത്രം. 1985-ലും '89-ലും ഏഴ് അംഗങ്ങളും 1994-ൽ ആറു പേരും ജയിച്ചു. 12 ശതമാനമാണ് സംസ്ഥാനത്തെ മുസ്‌ലിം ജനസംഖ്യ. ■

jaleelpadanna@gmail.com

# സംഘ്പരിവാറിനെ തുണച്ച കെ.എഫ്.ഡി നിലപാട്

**മുസ്‌ലിം** വോട്ടുകൾ ഭിന്നിപ്പിച്ച് ബി.ജെ.പിയെ സഹായിച്ചവരുടെ കൂട്ടത്തിലാണ് കർണാടക ഫോറം ഫോർ ഡിഗ്നിറ്റി (കെ.എഫ്.ഡി) എന്ന സംഘടന. എൻ.ഡി.എഫിന്റെ കർണാടക പതിപ്പായാണിത് അറിയപ്പെടുന്നത്. നിലവിലുള്ള ഇസ്‌ലാമിക സംഘടനകൾക്കൊന്നും ബി.ജെ.പി ഉൾപ്പെടുന്ന ഫാഷിസ്റ്റ് സംഘടനകളോട് തീവ്രവും കായികവുമായ നിലപാട് സ്വീകരിക്കാനാവുന്നില്ല എന്ന കണ്ടെത്തലാണ് ഈ സംഘടനയുടെ രൂപീകരണ പശ്ചാത്തലം. എന്നാൽ രൂപീകരണം മുതൽ ഇവർ കൈക്കൊണ്ട തീരുമാനങ്ങളും നയപരിപാടികളും സമുദായത്തിനോ രാജ്യത്തിനോ ഒട്ടും ഗുണകരമല്ല എന്നത് പോകട്ടെ, കടുത്ത ദ്രോഹമാണ് വരുത്തിവെക്കുന്നത് എന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് കർണാടകയിൽ കൈക്കൊണ്ട രാഷ്ട്രീയ നിലപാട്.

മൈസൂരിലെ നരസിംഹരാജ മണ്ഡലത്തിൽ കെ.എഫ്.ഡി മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് കലീമുല്ലാ ഖാനെ സ്വതന്ത്ര വേഷത്തിൽ

സ്ഥാനാർഥിയായി എഴുന്നള്ളിച്ചതിനു പിന്നിൽ പാർട്ടിക്ക് ഒരു എം.എൽ.എയെ ഉണ്ടാക്കുക എന്ന ലക്ഷ്യമല്ല ഉണ്ടായിരുന്നത്. മറിച്ച് കോൺഗ്രസ് സ്ഥാനാർഥി തൻവീർ സേട്ടിനെ പരാജയപ്പെടുത്തുക എന്നതു മാത്രമായിരുന്നു. അപ്പോൾ ജയിച്ചുകയറുക ബി.ജെ.പിയായിരിക്കും എന്നത് പക്ഷേ, കെ.എഫ്.ഡി നേതൃത്വത്തെ ഒട്ടും അലോസരപ്പെടുത്തിയില്ല. അവർ ശൗര്യം പുറത്തെടുത്തത് കോൺഗ്രസ്സിന് നേരെയായിരുന്നു. എന്നാൽ വകതിരിവ് കൈമോശം വന്നിട്ടില്ലാത്ത മറ്റു മുസ്‌ലിം സംഘടനാ നേതൃത്വങ്ങൾ തക്ക സമയത്ത് ഉണർന്ന് പ്രവർത്തിച്ചതിനാൽ കോൺഗ്രസ് തന്നെ മണ്ഡലം നിലനിർത്തി. 9400 വോട്ടുകൾക്ക് തൻവീർ സേട്ട് ജയിച്ചു.

കെ.എഫ്.ഡി സഹായിച്ചവരുടെ കൂട്ടത്തിൽ, 2006-ലെ മംഗലാപുരം കലാപത്തിന്റെ സൂത്രധാരനെന്ന് ദേശീയ മാധ്യമങ്ങളും പോലീസ് റിപ്പോർട്ടും കുറ്റപ്പെടുത്തിയ മുൻ മന്ത്രിയും കടുത്ത ആർ.എസ്.എസ് പക്ഷപാതിയുമായ ബണ്ട്വാൾ മണ്ഡലത്തിലെ ബി.ജെ.പി സ്ഥാനാർഥി സാക്ഷാൽ ബി. നാഗരാജ് ഷെട്ടിയും ഉൾപ്പെടും! ദക്ഷിണ കനറയിൽ ഏറ്റവും വാശിയേറിയ മത്സരം നടന്ന മണ്ഡലമായിരുന്നു ബണ്ട്വാൾ. 32000-ലേറെ മുസ്‌ലിം വോട്ടർമാരുള്ള ഈ മണ്ഡലം ബി.ജെ.പിക്ക് എന്നും ബാലികേറാ മലയായിരുന്നു. എന്നാൽ 2004-ൽ നടന്ന തെരഞ്ഞെടുപ്പിൽ നാഗരാജ് ഷെട്ടി മണ്ഡലം കോൺഗ്രസ്സിൽനിന്നും പിടിച്ചെടുത്തു. ഇതോടെ പാർട്ടിയിൽ കരുത്തനായ ഇദ്ദേഹം എം.എൽ.എയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം നടത്തിയ ആദ്യ പ്രതികരണം, തന്റെ രാഷ്ട്രീയ ഗുരു നരേന്ദ്ര മോഡിയാണ് എന്നത്രെ. കർണാടകയെ ഗുജറാത്ത് മോഡൽ പരീക്ഷണശാലയാക്കും എന്നുകൂടി പറഞ്ഞുവെച്ചു ഈ ആർ.എസ്.എസ് സേനാപതി. ദക്ഷിണ കന്നടയിൽ ഇടക്കിടെയുണ്ടാകുന്ന സാമുദായിക സംഘർഷങ്ങൾ ഇതിന്റെ ഭാഗമാണ്. ഇത്തവണയും മത്സരിക്കാനെത്തി നാഗരാജ് ഷെട്ടി. കോൺഗ്രസ് സ്ഥാനാർഥി, മതേതര മൂല്യങ്ങൾ മുറുകെ പിടിക്കുന്നതിൽ കുറേകൂടി കണിശത പുലർത്തുന്ന ബി. രാമനാഥ്റൈ. മതേതരത്വവും ഫാഷിസവും തമ്മിൽ നേർക്കു നേരെയുള്ള ഏറ്റുമുട്ടൽ. മതനിരപേക്ഷ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവരും ഏതാണ്ടെല്ലാ മുസ്‌ലിംസംഘടനകളും ഒറ്റക്കെട്ടായിതന്നെ രാമാനാഥ്റൈക്ക് പിന്തുണ പ്രഖ്യാപിച്ചു. അത്യന്തം വാശിയേറിയ മത്സരത്തിൽ ഒരു വോട്ടു പോലും നഷ്ടപ്പെട്ടു പോകാതിരിക്കാൻ വളരെ ജാഗ്രതയോടെയായിരുന്നു കരുനീക്കങ്ങൾ. കാരണം നാഗരാജ് ഷെട്ടിയെ നിലക്ക് നിർത്തുക എന്നത് ഫാഷിസ്റ്റ് വിരുദ്ധ ചേരിയുടെ പൊതുവായ വികാരമായിരുന്നു. എന്നാൽ ഇവിടെയും കെ.എഫ്.ഡി സംഘ്പരിവാറിനെ തുണക്കുന്ന നിലപാടാണ് സ്വീകരിച്ചത്. കോൺഗ്രസ് സ്ഥാനാർഥിത്വം നൽകാത്തതിനെത്തുടർന്ന് അവസാന നിമിഷം പാർട്ടി വിട്ട് ജനതാദൾ (എസ്) സ്ഥാനാർഥിയായി രംഗത്തെത്തിയ കെ.എം ഇബ്റാഹീമിന് വേണ്ടി വോട്ടു പിടിക്കാനായിരുന്നു അവരുടെ തീരുമാനം. സ്വാഭാവികമായും ഇതുകൊണ്ടുണ്ടാകുന്നത് മുസ്‌ലിം വോട്ടു ബാങ്ക് ഭിന്നിക്കുക എന്നത് മാത്രമാണ്. ഇപ്പണി ആര് ചെയ്യും എന്ന് കാത്തിരിക്കുകയായിരുന്നു ബി.ജെ.പി. വകതിരിവുള്ളവരെയൊന്നും ഇതിന് കിട്ടില്ലെന്ന് ഇവർക്കറിയാം. എന്നാൽ രണ്ടാം സ്ഥാനത്ത് എത്താൻ പോലും യാതൊരു സാധ്യതയുമില്ലാത്ത ജെ.ഡി.എസിന് വേണ്ടി വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾക്കിറങ്ങി കെ.എഫ്.ഡി നേതൃത്വം. ഇതിലെ അപകടം ബോധ്യപ്പെടുത്താൻ ജമാഅത്തെ ഇസ്‌ലാമി അടക്കമുള്ള മുസ്‌ലിം സംഘടനകളൊക്കെ ശ്രമം നടത്തിയെങ്കിലും ഫലം കണ്ടില്ല. തങ്ങളുടെ പ്രവർത്തനം നാഗരാജ് ഷെട്ടിയെന്ന കറകളഞ്ഞ ഫാഷിസ്റ്റിന്റെ വിജയത്തിലാണ് കലാശിക്കുക എന്ന് മനസ്സിലാക്കാനുള്ള സാമാന്യ ബുദ്ധി പോലും അവർക്കില്ലാതെ പോയി. കെ.എഫ്.ഡിയുടെ സജീവ സാന്നിധ്യം തെല്ലൊന്നുമല്ല നാഗരാജ് ഷെട്ടിയെ ആശ്വസിപ്പിച്ചിട്ടുണ്ടാവുക. ഷെട്ടി വിജയിക്കുകയാണെങ്കിൽ കെ.എഫ്.ഡിയോടാണ് നന്ദി പറയേണ്ടത് എന്ന് *കരാവലി* എന്ന കന്നഡ ദിനപത്രം വൻ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്തത്.

എന്നാൽ കെ.എഫ്.ഡി നിലപാടിന്റെ പൊള്ളത്തരങ്ങൾ തുറന്നു കാട്ടി മുസ്‌ലിം വോട്ടുകൾ ഭിന്നിക്കാതെ നോക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ജമാഅത്തെ ഇസ്‌ലാമി ഇവിടെ രണ്ടു സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. ജമാഅത്തിന്റെ കീഴിലുള്ള പള്ളിയിൽ വെള്ളിയാഴ്ച ജുമുഅ ഖുത്വ്ബകളിലും ഈ വിഷയം സജീവമായി പരാമർശിക്കപ്പെട്ടു. കെ.എഫ്.ഡി നേതൃത്വത്തെ പൊതുവേദിയിൽ പരസ്യമായ ഡിബേറ്റിന് ക്ഷണിച്ചു. യൂത്ത് വിംഗ്, എസ്.ഐ.ഒ പ്രവർത്തകർ വ്യാപകമായ തോതിൽ സ്കോഡ് പ്രവർത്തനങ്ങൾ നടത്തി. ഒടുവിൽ കോൺഗ്രസ് സ്ഥാനാർഥി രാമനാഥ്റൈ 1251 വോട്ടുകൾക്ക് വിജയിച്ചു. എങ്കിലും 6000-ലേറെ വോട്ടുകൾ അടർത്തിയെടുത്ത് ജെ.ഡി.എസിന് കൊടുത്ത് ബി.ജെ.പിയെ വലിയൊരളവോളം സഹായിക്കാൻ കെ.ഡി.എഫിന് സാധിച്ചു.

ഉഡുപ്പി ജില്ലയിലെ നാല് മണ്ഡലങ്ങളിൽ കെ.ഡി.എഫ് സ്വതന്ത്ര സ്ഥാനാർഥികളെ നിർത്തിയിരുന്നുവെങ്കിലും അവസാന ഘട്ടത്തിൽ പിൻവലിക്കുകയായിരുന്നു. മാത്രവുമല്ല, 'പ്രജാ പ്രബുദ്ധകാകി ജനപറ ഒക്കൂട്ട' (ജനകീയ ജനാധിപത്യ സംഘം) എന്ന പേരിൽ ഒരു മുന്നണിക്കും രൂപം നൽകി. എന്നാൽ രൂപീകരണം നടന്ന് ഒരാഴ്ചക്കകം തന്നെ 'ഒക്കൂട്ട' പൊളിഞ്ഞു.

50 മണ്ഡലങ്ങളിൽ സ്ഥാനാർഥികളെ നിർത്തും എന്ന് പ്രഖ്യാപിച്ച് മുസ്‌ലിം ലീഗും ഇന്ത്യൻ നാഷനൽ ലീഗും ടിപ്പു സുൽത്താൻ നാഷനൽ റിപ്പബ്ലിക് പാർട്ടിയും ചേർന്ന് രൂപപ്പെടുത്തിയ മുസ്‌ലിം ഡെമോക്രാറ്റിക് ഫ്രണ്ടിനെയും ഫല പ്രഖ്യാപനത്തിനു ശേഷം ആരും കണ്ടില്ല.

എന്നാൽ സംസ്ഥാനത്തെ മുസ്‌ലിം ജനസാമാന്യത്തിന് ഏറെ പ്രതീക്ഷക്ക് വക നൽകുന്നതാണ് 24 മുസ്‌ലിം സംഘടനകളുടെ പൊതുവേദിയായ 'കർണാടക മുസ്‌ലിം മുത്തഹിദ മഹാദ്'. വളരെ ബുദ്ധിപൂർവവും സക്രിയവുമായ ഇടപെടലുകളാണ് ഈ തെരഞ്ഞെടുപ്പിൽ മഹാദ് നടത്തിയത്. വരും കാലങ്ങളിലെങ്കിലും ഇതിന്റെ ഗുണഫലങ്ങൾ തെളിഞ്ഞു കാണാതിരിക്കില്ല. ■

**ജലീൽ**